20
2026
ജൂൺ
ശനി
മിഥുനം ൦൬

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 124 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-124 പേജ് 4. വില 2.00 രൂപ

02 നിയന്ത്രണരേഖയിൽ നിന്നും പിടികൂടിയ പാക് പൗരനെ കൈമാറി ഇന്ത്യൻ സൈന്യം

03 ടെലഗ്രാമിന് ഏർപ്പെടുത്തിയ നിരോധനം ശരിവച്ച് ഡൽഹി ഹൈക്കോടതി

04 ആകാശപ്പാതയ്ക്ക് ശാപമോക്ഷം; നിർമാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപനം

## ജനപ്രിയ പ്രഖ്യാപനങ്ങളുമായി വി.ഡി സർക്കാരിന്റെ ബജറ്റ്

# മിഷൻ സമുദ്ര :തുറമുഖ നഗരമാകും കേരളം

## എല്ലാ തീരദേശവാസികൾക്കും പട്ടയം

- പൂന്തുറയിൽ ഫിഷിങ് ഹാർബർ നിർമിക്കുന്നതിന് നടപടികൾ സ്വീകരിക്കും
- വിഴിഞ്ഞം തുറമുഖ റെയിൽ നിർമാണം പൂർത്തിയാക്കും
- കപ്പൽ നിർമാണ കേന്ദ്രം തുടങ്ങും
- കേരളത്തെ തുറമുഖ നഗരമാക്കും, തീരമേഖലയിൽ ഉള്ളവർക്ക് തൊഴിൽ



യുഡിഎഫ് സർക്കാരിൻറെ ആദ്യ ബജറ്റ് മുഖ്യമന്ത്രി വി.ഡി.സതീശൻ നിയമസഭയിൽ അവതരിപ്പിച്ചു. പുതുയുഗ കേരളം ലക്ഷ്യമിട്ടുള്ള ബജറ്റാണെന്ന് വിശേഷിപ്പിച്ചായിരുന്നു അദ്ദേഹം ബജറ്റ് പ്രസംഗം ആരംഭിച്ചത്.

സംസ്ഥാനത്തിൻറെ സാമ്പത്തിക ആരോഗ്യസ്ഥിതി ധവളപത്രത്തിലൂടെ നേരത്തെ നിയമസഭയിൽ അവതരിപ്പിക്കുകയും പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിരുന്നു. ധവളപത്രത്തിലെ കണക്കുകളും നിർദേശങ്ങളും ഉദ്ധരിച്ചായിരുന്നു ബജറ്റ് അവതരണം തുടങ്ങിയത്.

ധനകാര്യ വകുപ്പിൻറെ ചുമതല കൂടി കൈകാര്യം ചെയ്യുന്ന വി.ഡി. സതീശൻറെ ആദ്യ ബജറ്റ് അവതരണമാണ് ഇന്ന് നടന്നത്. രാവിലെ എട്ടരയോടെ സഭയിലെത്തിയ മുഖ്യമന്ത്രി ഭരണ പ്രതിപക്ഷ അംഗങ്ങളെ അഭിവാദ്യം ചെയ്ത ശേഷം സ്പീക്കറുടെ അനുമതിയോടെ ബജറ്റ് അവതരണം നടത്തി.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ആശ്വാസമാകുന്ന പ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി വി.ഡി. സതീശൻ. കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക്' എന്ന പ്രഖ്യാപനത്തോടെ, മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതിക്ക് രൂപം നൽകുമെന്ന് അദ്ദേഹം അറിയിച്ചു.

ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി ലിറ്ററിന് 75 രൂപയായി വർദ്ധിപ്പിച്ചു. പട്ടയമില്ലാത്ത എല്ലാ തീരദേശവാസികൾക്കും പട്ടയം നൽകുമെന്ന് ബജറ്റിൽ ഉറപ്പുനൽകി.

മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കും.

നിരന്തരമായ അപകടങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ബജറ്റിൽ പ്രത്യേക തുക വകയിരുത്തി.

## കേരള ബജറ്റ് 2026 ലെ പ്രധാന നിർദേശങ്ങൾ

- ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസിലൂടെ ഓരോ കുടുംബത്തിനും 25 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ
- വിമാനത്താവളവികസനത്തിന് 200 കോടിരൂപ. നാല് വിമാനത്താവളങ്ങളെ തമ്മിൽ ഏകോപിപ്പിക്കും
- തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ
- മലബാറിൽ ഫുട് ബോൾ പരിശീലനത്തിന് പുതിയ സ്റ്റേഡിയത്തിന് 50 കോടി * വയനാട്ടിൽ ട്രൈബൽ സർവകലാശാല
- ജോൺസൺ മാസ്റ്ററുടെ പേരിൽ തൃശൂരിൽ മ്യൂസിക് അക്കാദമി
- രണ്ടാം ഭൂപരിഷ്കരണം. ഭൂ നിയമങ്ങളിൽ മാറ്റം കൊണ്ടുവരും . ഭൂമി ഏറ്റെടുക്കലിന് ഏകജാലക സംവിധാനം
- കിഫ്ബി സാമ്പത്തിക അസന്തുലിതാവസ്ഥയുണ്ടാക്കി. കിഫ്ബി പ്രവർത്തനം പഠിക്കാൻ സമിതി
- കപ്പൽ നിർമാണശാല സ്ഥാപിക്കും. അന്തർദേശീയ മാരിടൈം മ്യൂസിയം സ്ഥാപിക്കും
- റബറിൻറെ താങ്ങ് വില 250 രൂപയായി ഉയർത്തും
- ഫാം ടൂറിസം പ്രോത്സാഹിപ്പിക്കും
- ജെൻസികൾക്ക് സ്റ്റാർട്ടപ്പിന് 50 കോടി
- സംസ്ഥാനത്തിൻറെ തനത് ബ്രാൻഡുകൾക്ക് ബ്രാൻഡ് കേരളം
- ക്ഷീരവികസനത്തിന് 102 കോടി
- നിക്ഷേപം ആകർഷിക്കാൻ പുതിയ പദ്ധതി
- 10000 എംഎസ്എംഇകൾ തുടങ്ങാൻ 100 കോടി
- തീരദേശവാസികൾക്ക് പട്ടയം നൽകും
- കേരളത്തെ തുറമുഖ നഗരമാക്കും. തീരമേഖലയിൽ ഉള്ളവർക്ക് തൊഴിൽ
- കടുവ, പുലി എന്നിവയുടെ സെൻസസ് നടത്തും
- തൊഴിലുറപ്പ് പദ്ധതിക്ക് 1422 കോടി രൂപ
- എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കും.
- മനുഷ്യ മൃഗ സംഘർഷം കുറയ്ക്കും
- ഗ്രാമവികസനത്തിന് 2138 കോടി
- വയോജനവകുപ്പിന് 10 കോടി
- കെഎസ്ആർടിസി പ്രിയദർശിനി സൗജന്യയാത്രക്ക് 600 കോടി
- മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി, മണ്ണെണ്ണ സബ്സിഡി
- ഗതാഗത മേഖലയ്ക്ക് 1578 കോടി
- കേരള നോളജ് വാലി വിദേശത്തേക്ക് കുട്ടികൾ പഠനത്തിന് പോകാതെ കേരളത്തിൽ പഠന സംവിധാനം ഉറപ്പാക്കും
- സഹകരണമേഖലയ്ക്ക് 114 കോടി
- പട്ടികജാതി വികസനത്തിന് 2979 കോടി
- തിരുവനന്തപുരത്ത് രണ്ടാമത്തെ മെഡിക്കൽ കോളജ്. ഹരിപ്പാട്ട് പുതിയ മെഡിക്കൽ കോളജ് . കാസർകോട്, ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളജുകൾ വികസിപ്പിക്കും
- ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കും
- ന്യൂനപക്ഷ ക്ഷേമത്തിന് 77.91 കോടി
- ആരോഗ്യമേഖലയ്ക്ക് 2074 കോടി
- ജലവിതരണത്തിന് 895 കോടി
- തൊഴിൽമേഖലയ്ക്ക് 650 കോടി
- സ്കൂൾഹെൽത്ത് ബ്രിഗേഡ് രൂപീകരിക്കും
- ശബരിമലയും ഗുരുവായൂരും തിരുപ്പതി മോഡലിൽ
- നഗരവികസനത്തിന് 997.88 കോടി
- ഓപ്പറേഷൻ തൂഫാന് പത്തു കോടി
- സ്ത്രീ സുരക്ഷ പദ്ധതി അവൾക്കൊപ്പം
- റവന്യു വകുപ്പിന് 76 കോടി
- പുതിയ ജില്ലയും താലൂക്കും പഠിക്കാൻ കമ്മീഷൻ, പുതിയ
- താലൂക്കുകൾ! സ്ഥാപിക്കും
- വിലങ്ങാട് പാക്കേജിന് 5 കോടി
- കയർമേഖലയ്ക്ക് 107.6 കോടി
- റോഡ് വികസനത്തിന് 107 കോടി
- സംരംഭകർക്ക് 6 ശതമാനം പലിശയിൽ വായ്പ
- തേക്കിൻകാട് മൈതാന വികസനത്തിന് 10 കോടി
- ഭൂന്യായവില പരിഷ്കരിക്കും
- ഭിന്നശേഷിക്കാർക്ക് തടസരഹിതയാത്ര
- എക്സൈസ് വകുപ്പിന് മാത്രമായി കെമിക്കൽ എക്സാമിനേഷൻ ലാബ്
- കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ വനിതകളെ എസ്എച്ച്ഒ മാരാക്കും
- കരിപ്പൂരിൽ ആകാശപാത സാധ്യതാ പഠനം
- നടൻ സലിംകുമാറിന് കൊച്ചിയിൽ സ്മാരകത്തിന് 1 കോടി
- പൊന്നാനിയിൽ കൾച്ചറൽ ബിനാലെ
- ശ്രീനാരായണ ഗുരുദേവ പ്രതിമ ഡൽഹിയിൽ സ്ഥാപിക്കാൻ ഒരു കോടി
- ശിവഗിരിക്ക് 5 കോടി
- കൊച്ചിയിൽ ജെ.സി. ഡാനിയേലിൻറെ പേരിൽ ഫിലിംസിറ്റി
- കോട്ടയം സ്കൈവാക്ക് പ്രവർത്തനം തുടങ്ങും
- ഗ്ലോബൽ ഫർണിച്ചർ ഹബിനായി 10 കോടി
- ലൈറ്റ് മെട്രോ പദ്ധതിക്ക് 20 കോടി
- മെഡിസെപ്പ് പരിഷ്കരിക്കും. ഡിഎ.ഡിആർ മുടക്കം കൂടാതെ നൽകും
- വനിതാകർഷകർക്കായി കൃഷിസഖി
- വ്യവസായങ്ങൾക്ക് 1558 കോടി
- സംരംഭക ഇൻകുബേഷൻ സെൻററിന് 10 കോടി
- സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്ക് 1032 കോടി
- ശാസ്ത്ര സേവനത്തിനും ഗവേഷണത്തിനും 227 കോടി
- കോളജുകളിൽ റാഗിംഗ് തടയാൻ സിദ്ധാർഥിൻറെ പേരിൽ ആൻറി റാഗിംഗ് ആപ്പ്
- പള്ളിയോട ഗ്രാൻഡ് കൂട്ടി
- സ്വകാര്യബസുകൾക്ക് മൂന്നു മാസത്തെ നികുതിയിൽ 50 ശതമാനം ഇളവ്. ടൂറിസ്റ്റ് ബസുകളുടെ നികുതിയിൽ 50 ശതമാനം ഇളവ്
- മിഷൻ സമുദ്രക്ക് 400 കോടി
- കോഴിക്കോട്ട് എംടി വാസുദേവൻനായരുടെ പേരിൽ സാംസ്കാരിക കേന്ദ്രം
- തേക്കിൻകാട് മൈതാന വികസനത്തിന് 10 കോടി



മെക്സിക്കോ കൊറിയ മത്സരത്തിൽ നിന്ന്. ഒരു ഗോൾ ജയം നേടി നോക്കൗട്ട് ഉറപ്പിച്ച ആദ്യ ടീമായി മെക്സിക്കോ.





നിയമസഭാ ലൈബ്രറിയിലെ പുസ്തക പ്രദർശനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# കാതടപ്പിക്കുന്ന ശബ്ദവും തീ തുപ്പുന്ന കാറും; വിദ്യാർഥികൾക്ക് 'പണികിട്ടി'

മലപ്പുറം: കാതടപ്പിക്കുന്ന ശബ്ദവും സൈലൻസറിലൂടെ തീ തുപ്പുന്ന കാറുമായി റോഡിലിറങ്ങിയ വിദ്യാർഥികൾ മോട്ടോർ വാഹന വകുപ്പിൻറെ വലയിലായി. മറ്റ് യാത്രക്കാരുടെ ജീവന് ഭീഷണിയായി നിയമവിരുദ്ധമായി രൂപമാറ്റം വരുത്തി പാഞ്ഞ കാറാണ് മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെൻറ് വിഭാഗം പിടികൂടിയത്. നിയമലംഘനം നടത്തിയ വാഹനത്തിൻറെ രജിസ്ട്രേഷൻ ഉടൻ തന്നെ റദ്ദാക്കുമെന്ന് അധികൃതർ വ്യക്തമാക്കി. നിലമ്പൂർ കനോലി പ്ലോട്ട് പരിസരത്ത് വെച്ചായിരുന്നു വഴിപോക്കരെയും മറ്റ് വാഹനയാത്രികരെയും ഞെട്ടിച്ചുകൊണ്ട് വിദ്യാർഥികളുടെ അപകടകരമായ പാച്ചിൽ. സൈലൻസറിൽ നിന്ന് വലിയ ശബ്ദത്തോടെ തീ പുറത്തേക്ക് ചീറ്റുന്ന തരത്തിലായിരുന്നു കാർ മോഡിഫൈ ചെയ്തിരുന്നത്. കോഴിക്കോട് രജിസ്ട്രേഷനിലുള്ള ഒരു പഴയ മോഡൽ കാറിലാണ് നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് രൂപമാറ്റം വരുത്തിയത്. കാറിൽ സഞ്ചരിച്ച നാല് കോളജ് വിദ്യാർഥികൾക്കെതിരെ കേസെടുത്തു. കാർ കസ്റ്റഡിയിലെടുത്ത മോട്ടോർ വാഹന വകുപ്പ് ശക്തമായ നിയമനടപടികളിലേക്ക് കടന്നിരിക്കുകയാണ്.

## അപേക്ഷകൾ ക്ഷണിച്ചു

സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രതികൂല പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് (DoECC) പുതിയ ഗവേഷണ പ്രൊജക്ട് പ്രൊപ്പോസലുകൾക്ക് അപേക്ഷ ക്ഷണിച്ചു. 2026-27 സാമ്പത്തിക വർഷത്തെ 'ക്ലൈമറ്റ് ചേഞ്ച്' പ്ലാൻ സ്കീമിന് കീഴിലാണ് പദ്ധതികൾ സമർപ്പിക്കേണ്ടത്. കാലാവസ്ഥാ വ്യതിയാന പ്രതിരോധ മേഖലകളിൽ തങ്ങളുടെ വൈദഗ്ധ്യം പങ്കുവെക്കാൻ താൽപ്പര്യമുള്ള സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ (NGO), പൊതുമേഖലാ സ്ഥാപനങ്ങൾ (PSU) എന്നിവയിലെ ശാസ്ത്രജ്ഞർ, അധ്യാപകർ, സാങ്കേതിക വിദഗ്ധർ എന്നിവർക്ക് അപേക്ഷിക്കാം.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോമും ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും www.envt.kerala.gov.in -ൽ ലഭ്യമാണ്. നിർദ്ദിഷ്ട ഫോർമാറ്റിൽ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ 'ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, നാലാം നില, കെ.എസ്.ആർ.ടി.സി ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ പി.ഒ, തിരുവനന്തപുരം 695001' എന്ന വിലാസത്തിൽ അയക്കണം.അപേക്ഷകൾ അടങ്ങിയ കവറിനു മുകളിൽ 'Proposals under the Plan Scheme Climate Change 2026-27' എന്ന് രേഖപ്പെടുത്തണം. പൂരിപ്പിച്ച അപേക്ഷകൾ ഡയറക്ടറേറ്റിൽ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 4 ആണ്. ഫോൺ: 0471 2326264.

## കോഷൻ ഡെപ്പോസിറ്റ് വാങ്ങണം

കാര്യവട്ടം ഗവ. കോളേജിൽ 2022-23 വരെയുള്ള അധ്യയന വർഷങ്ങളിൽ ഡിഗ്രി, പി.ജി പഠനം പൂർത്തിയാക്കിയ കോഷൻ ഡെപ്പോസിറ്റ് വാങ്ങാത്ത വിദ്യാർഥികൾ ജൂലൈ 7നകം വാങ്ങണം.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 4, 7 ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് നേടിയതും നിലവിൽ 5, 8 ക്ലാസുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേർന്ന് പഠനം നടത്തുന്നതുമായ പട്ടികജാതി വിദ്യാർഥികൾക്കുള്ള 2026-27 അധ്യയന വർഷത്തെ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പിന് ജൂലൈ 15 വരെ ഇഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷിക്കാം. അപേക്ഷാ ഫോം ബ്ലോക്ക്/ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസിൽ ബന്ധപ്പെടണം.

## സഹകരണ സംഘങ്ങൾക്ക് അവാർഡിന് അപേക്ഷിക്കാം

അന്താരാഷ്ട്ര സഹകരണ ആഘോഷ ദിനാഘോഷത്തോടനുബന്ധിച്ച് സഹകരണവകുപ്പ് നടത്തുന്ന പരിപാടികളുടെ ഭാഗമായി മികച്ച സഹകരണ സംഘം/ സഹകാരികൾക്കുള്ള അവാർഡ് ക്ഷണിച്ചു. മികച്ച സഹകരണ സംഘങ്ങൾക്കുള്ള ബെസ്റ്റ് പെർഫോമൻസ് അവാർഡ്, മികച്ച സഹകാരികൾക്കുള്ള റോബർട്ട് ഓവൻ അവാർഡ്, അന്താരാഷ്ട്ര സഹകരണ ദിനത്തിലെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 2025 ൽ സംഘങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചുള്ള സഹകരണ ദിന അവാർഡ് എന്നിവയാണ് നൽകുന്നത്. അപേക്ഷകൾ ജൂൺ 20ന് വൈകിട്ട് 5നകം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക്: 0471-2331982, www.cooperation.kerala.gov.in.

## ജീവനൊടുക്കിയ വിദ്യാർഥികളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം; പ്രധാനമന്ത്രിക്ക് കത്തെഴുതി സിജെപി സ്ഥാപകൻ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതി സിജെപി സ്ഥാപകൻ അഭിജിത്ത് ദിപ്കെ. ചോദ്യപേപ്പർ ചോർച്ചക്കിടെ ആത്മഹത്യ ചെയ്ത വിദ്യാർഥികളുടെ കുടുംബത്തിന് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകണമെന്നാണ് ആവശ്യം.

വിദ്യാഭ്യാസ സമ്പ്രദായത്തിലെ പരാജയങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കണം. കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്രപ്രധാനെ പുറത്താക്കണമെന്നും തുറന്ന കത്തിൽ അഭിജിത്ത് ആവശ്യപ്പെട്ടു.

പല മാതാപിതാക്കളും മക്കളുടെ വിദ്യാഭ്യാസത്തിനായി ലോണുകളെടുത്തിരുന്നതടക്കം കത്തിൽ അദ്ദേഹം പരാമർശിക്കുന്നുണ്ട്. വരാനിരിക്കുന്ന പുനഃപരീക്ഷയിലെ അനിശ്ചിതത്വത്തെ കുറിച്ചുള്ള ആശങ്ക കുട്ടികളിൽ തീവ്രമായിക്കൊണ്ടിരിക്കുകയാണെന്നും അഭിജിത്ത് കത്തിൽ സൂചിപ്പിക്കുന്നുണ്ട്.

## റബർ താങ്ങുവില കൂട്ടി; 250 രൂപ ആക്കും

തിരുവനന്തപുരം: റബർ താങ്ങുവില 250 രൂപയാക്കി ഉയർത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി വി.ഡി.സതീശൻ അറിയിച്ചു. നിലവിൽ 200 രൂപയാണ് താങ്ങുവില.

നെല്ല് സംഭരണം കാര്യക്ഷമമാക്കും. സംഭരണ വില കർഷകർക്ക് കൃതമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കും. നാളികേരത്തിന് പ്രത്യേക സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.കൃഷി സഖി വനിത കർഷക വികസന പദ്ധതി നടപ്പാക്കും. കാർഷിക മേഖലയിൽ വനിതകളുടെ സാന്നിധ്യം വർധിപ്പിക്കുന്നതിന് വേണ്ടിയാണ് പദ്ധതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ടൂറിസം പ്രോത്സാഹിപ്പിക്കും. കാർഷിക വിളകൾക്ക് ന്യായവില ഉറപ്പാക്കാൻ നടപടി സ്വീകരിക്കും. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ പ്രോത്സാഹന നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ചുമതലയിൽ വനിത ശിശു വികസന വകുപ്പിന്റെ സഹായത്തോടെ തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിൽ ഒഴിവുള്ള വിവിധ തസ്തികകളിലേക്ക് സ്ത്രീ ഉദ്യോഗാർത്ഥികൾക്കായി വാക്ക്-ഇൻ ഇന്റർവ്യൂ നടത്തുന്നു. താല്പര്യമുള്ള, നിർദ്ദിഷ്ട യോഗ്യതയുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂൺ 30 രാവിലെ 10ന് രാമവർമ്മപുരം മോഡൽ ഹോം ഫോർ ഗേൾസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം.

പാർട്ട് ടൈം സൈക്കോളജിസ്റ്റ്, സെക്യൂരിറ്റി, കുക്ക് എന്നീ തസ്തികകളിലാണ് ഒരോ ഒഴിവുകൾ വീതമുള്ളത്. എം.എസ്.സി/എം.എ (സൈക്കോളജി) യോഗ്യതയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കാം. 25 വയസ്സ് പൂർത്തിയായവരായിരിക്കണം ഉദ്യോഗാർത്ഥികൾ. സെക്യൂരിറ്റി തസ്തികയിലേക്ക് എസ്.എസ്.എൽ.സി വിജയിച്ച 23 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. മലയാളം എഴുതാനും വായിക്കാനും അറിയാവുന്ന 25 വയസ്സ് പൂർത്തിയായവർക്കാണ് കുക്ക് തസ്തികയിലേക്ക് അവസരം. മൂന്ന് തസ്തികകളിലും 30 മുതൽ 45 വരെ പ്രായപരിധിയിലുള്ളവർക്ക് മുൻഗണനയുണ്ട്. സൈക്കോളജിസ്റ്റ്, കുക്ക് തസ്തികകളിൽ 12,000 രൂപയും സെക്യൂരിറ്റി തസ്തികയിൽ 10,000 രൂപയുമാണ് പ്രതിമാസ വേതനം.

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം കരമന കുഞ്ചാലുംമൂട്ടിൽ പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റി സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടണം. വിശദവിവരങ്ങൾക്ക്: 0471 2348666, www.keralasamakhya.org.

## കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ ഹബ്ബാക്കി മാറ്റും; 200 കോടി വകയിരുത്തി

തിരുവനന്തപുരം: സംസ്ഥാനത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ ലോജിസ്റ്റിക്സ് ഹബ്ബാക്കി വികസിപ്പിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി വി.ഡി. സതീശൻ അറിയിച്ചു. നിലവിലുള്ള നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുകയെന്നും ഇതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ വകയിരുത്തിയതായും മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

സംസ്ഥാനത്ത് വർധിച്ചു വരുന്ന വ്യോമയാന ആവശ്യകതകൾ, കയറ്റുമതി ലോജിസ്റ്റിക്സ്, വിനോദസഞ്ചാര മേഖലയിലെ വലിയ സാധ്യതകൾ എന്നിവ കണക്കിലെടുത്താണ് ഈ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഡി.ജി.സി.എ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള പൈലറ്റ് പരിശീലന കേന്ദ്രങ്ങളും വിമാന പരിപാലന എഞ്ചിനീയറിങ് പരിശീലന കേന്ദ്രങ്ങളും സംസ്ഥാനത്ത് ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊച്ചി വിമാനത്താവളത്തോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവൻഷൻ സെൻറർ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

## നിക്കോബാർ പദ്ധതി: പഠന റിപ്പോർട്ട് ജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് കോൺഗ്രസ്

ന്യൂഡൽഹി: ഗ്രേറ്റ് നിക്കോബാർ പദ്ധതിയിലെ സുതാര്യതക്കുറവും പാരിസ്ഥിതിക ആഘാത പഠനങ്ങളിലെ പോരായ്മകളും ചൂണ്ടിക്കാട്ടി കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദർ യാദവിന് കത്തയച്ച് കോൺഗ്രസ്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പാരിസ്ഥിതിക ആഘാത വിലയിരുത്തലുകൾ തികച്ചും അപൂർണ്ണമാണെന്നും പരിസ്ഥിതി മന്ത്രാലയത്തിൻറെ തന്നെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നും കോൺഗ്രസ് കത്തിൽ ആരോപിക്കുന്നു.

പദ്ധതിക്ക് അനുമതി നൽകിയതിനുശേഷം പരസ്യപ്പെടുത്തേണ്ട ആറുമാസത്തെ കംപ്ലയൻസ് റിപ്പോർട്ടുകളോ പദ്ധതി മേൽനോട്ട കമ്മിറ്റി യോഗങ്ങളുടെ വിവരങ്ങളോ കേന്ദ്ര സർക്കാർ കൃത്യമായി പുറത്ത് വിട്ടിട്ടില്ല.

നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട പല സുപ്രധാന പഠനങ്ങളും പൂർത്തിയാകാതെ പദ്ധതിയ്ക്ക് അനുമതി നൽകിയ കേന്ദ്ര സർക്കാർ നിലപാടിനെ കോൺഗ്രസ് ചോദ്യം ചെയ്തു.

പദ്ധതിയുടെ ഭാഗമായി ഏകദേശം 16,000 പവിഴപ്പുറ്റുകൾ മാറ്റി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പദ്ധതിയിടുന്നുണ്ട്. ഇതിനായുള്ള പരിസ്ഥിതി അനുമതി ആവശ്യപ്പെട്ട് സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ ആൻഡമാൻ നിക്കോബാറിലെ പരിസ്ഥിതി വകുപ്പിന് കത്ത് കൈമാറി.

എന്നാൽ ഈ നിർദേശം പ്രായോഗികമല്ലെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് കേന്ദ്ര മന്ത്രിയ്ക്ക് അയച്ച കത്തിൽ ചൂണ്ടിക്കാട്ടി. നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് ജനങ്ങൾക്ക് ലഭ്യമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## അന്താരാഷ്ട്ര യോഗ ദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി നിർവഹിക്കും

സംസ്ഥാന ആയുഷ് വകുപ്പ്, നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ച് അന്താരാഷ്ട്ര യോഗാ ദിനം ആചരിക്കുന്നു. യോഗ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 21 രാവിലെ 7 മണിക്ക് തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ആരോഗ്യ, ആയുഷ്, ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ നിർവഹിക്കും. ഗതാഗത മന്ത്രി സി പി ജോൺ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ശശി തരൂർ എംപി, മേയർ വി.വി രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി തുടങ്ങിയവർ സന്നിഹിതരാകും.

'ആരോഗ്യകരമായ വാർദ്ധക്യം യോഗയിലൂടെ' എന്നതാണ് ഈ വർഷത്തെ പ്രമേയം. ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ മാർഗമാണ് യോഗ. പ്രായം കൂടുന്നതിനനുസരിച്ച് സ്വയംപര്യാപ്തതയും ആത്മവിശ്വാസവും ജീവിതോത്സാഹവും നിലനിർത്താൻ യോഗയിലൂടെ സാധിക്കും.

യോഗ ദിനത്തോടനുബന്ധമായി നാഷണൽ ആയുഷ് മിഷനു കീഴിലെ ആയുഷ് ക്ലബ് അംഗങ്ങളെ പങ്കെടുപ്പിച്ച് യോഗ ഡെമോൺസ്ട്രേഷനും ഒരുക്കുക്കുന്നുണ്ട്. കൂടാതെ വിവിധ ജില്ലകളിലും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

## 1,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ജൂൺ 23ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/224/2026ഫിൻ. തീയതി 18.06.2026) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

## ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി 2026 വർഷത്തേക്കുള്ള കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് പരിശീലനത്തിനായി ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു.

12-ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയിൽ കുറഞ്ഞത് 50 ശതമാനം മാർക്ക്. കൂടാതെ ഫിസിക്സ്, മാത്തമാറ്റിക്സ് വിഷയങ്ങളിൽ 55% മാർക്ക് ആണ് യോഗ്യത. എസ്.സി/എസ്.ടി വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകർക്ക് 12-ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷയിൽ കുറഞ്ഞത് 45% മാർക്കും ഫിസിക്സ്, മാത്തമാറ്റിക്സ് വിഷയങ്ങളിൽ 50% മാർക്കും ആണ് യോഗ്യത.

കുറഞ്ഞ പ്രായം: 2026 ഏപ്രിൽ മാസത്തിൽ 17 വയസ്സ്. പ്രോസ്പെക്ടസും അപേക്ഷാഫോറവും അക്കാദമിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്: www.rajivgandhiacademyforaviationtechnnology.org. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ - 8547246538, 7012297166. ഇമെയിൽ: ragaat@gmail.com.

## സ്വകാര്യ ബസുകൾക്ക് ആശ്വാസം; ത്രൈമാസ നികുതിയിൽ 50 ശതമാനം ഇളവ് പ്രഖ്യാപിച്ചു

തിരുവനന്തപുരം: പൊതുഗതാഗത മേഖലയെ സംരക്ഷിക്കുന്നതിൻറെ ഭാഗമായി നികുതിയിൽ ഇളവുകൾ പ്രഖ്യാപിച്ച് സംസ്ഥാന ബജറ്റ്. സ്റ്റേജ് ക്യാരേജ് പ്രൈവറ്റ് ബസുകളുടെ ത്രൈമാസ നികുതിയിൽ 50 ശതമാനം ഇളവ് പ്രഖ്യാപിച്ചു.

ഡീസൽ വില വർധനവിലും പ്രിയദർശനി സൗജന്യ യാത്രയും മൂലം സ്വകാര്യ ബസ് മേഖലയ്ക്കുണ്ടായ തിരിച്ചടി മറികടക്കാൻ ഇതിലൂടെ സാധിച്ചേക്കുമെന്നാണ് വിലയിരുത്തൽ. സ്റ്റേജ് ക്യാരേജ് ബസുകൾക്ക് നൽകിയ ഇളവുകൾക്ക് പുറമെ, കേരളത്തിലേക്ക് രജിസ്ട്രേഷനായി കൂടുതൽ ഓൾ ഇന്ത്യ ടൂറിസ്റ്റ് ബസുകൾ എത്തുന്നതിനും അന്തർ സംസ്ഥാന യാത്ര സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായി ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് ബസുകളുടെ ത്രൈമാസ നികുതിയും കുറയ്ക്കുമെന്നും ധനമന്ത്രി വി.ഡി.സതീശൻ അറിയിച്ചു.

ഇത്തരം ബസുകളുടെ നിലവിലെ ത്രൈമാസ നികുതിയായ സീറ്റൊന്നിന് 2000 രൂപ എന്നത് 900 രൂപയായും സ്ലീപ്പർ ബർത്തിന് 3000 രൂപയെന്നത് 1500 രൂപയായും കുറയ്ക്കുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## യോഗ സർട്ടിഫിക്കറ്റ് കോഴ്സ്

സാംസ്കാരിക വകുപ്പ് റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയുടെ ഭാഗമായി കേരള ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കണ്ണൂർ സർവകലാശല നടത്തുന്ന അംഗീകൃത യോഗ സർട്ടിഫിക്കറ്റ്/ ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള യോഗ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. www.kerlafoklore.org ൽ നൽകിയിട്ടുള്ള നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് തപാൽ മുഖേനയോ നേരിട്ടോ അക്കാദമി ഓഫീസിൽ ഹാജരാക്കണം. അപേക്ഷകൾ ജൂലൈ 18 വൈകിട്ട് 5 വരെ സ്വീകരിക്കും.

## അധ്യാപക ഒഴിവ്

ആറ്റിൻപുറം സർക്കാർ യു.പി സ്കൂളിൽ അറബിക് അധ്യാപക ഒഴിവുണ്ട്. താൽപര്യമുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 22 രാവിലെ 10ന് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 9048519912.

## നിയന്ത്രണരേഖയിൽ നിന്നും പിടികൂടിയ പാക് പൗരനെ കൈമാറി ഇന്ത്യൻ സൈന്യം

ശ്രീനഗർ: ജമ്മുകാഷ്മീരിലെ നിയന്ത്രണരേഖയ്ക്ക് സമീപത്തുനിന്ന് പിടികൂടിയ പാക്കിസ്ഥാൻ സ്വദേശിയെ സ്വന്തം രാജ്യത്തേക്ക് തിരിച്ചയച്ച് ഇന്ത്യൻ സൈന്യം. മാനുഷിക പരിഗണനകൾ മുൻനിർത്തിയാണ് ഇയാളെ മാതൃരാജ്യത്തേക്ക് തിരിച്ചയച്ചത്.

ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയിൽ നിന്നുള്ള അസദ് ഖാൻ എന്നയാളെയാണ് അതിർത്തിയിലെ നിയന്ത്രണരേഖയിലുള്ള ഒരു പോയിൻറിൽ വച്ച് ഇന്ത്യൻ സൈന്യം പാക്കിസ്ഥാൻ സൈന്യത്തിന് കൈമാറിയത്.

കഴിഞ്ഞ ആഴ്ച കുപ്വാര ജില്ലയിലെ തീത്വാൾ സെക്ടറിലുള്ള സിമാരിയിൽ വച്ച് നിയന്ത്രണരേഖ മറികടക്കാൻ ശ്രമിക്കുന്നതിനിടയിലാണ് അസദ് ഖാൻ പിടിയിലാകുന്നത്.

അസദ് ഖാനെ പാക്കിസ്ഥാൻ സൈന്യത്തിന് കൈമാറുന്നതിൻറെ ചിത്രങ്ങൾ ഇന്ത്യൻ സൈന്യം സമൂഹമാധ്യമത്തിൽ ചെയ്തു.

കൈമാറ്റ ചടങ്ങിനിടെ ഇന്ത്യൻ സൈന്യത്തിലെ ഒരു മുതിർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥൻ പാക്കിസ്ഥാൻ സൈനിക ഉദ്യോഗസ്ഥനുമായി ഹസ്തദാനം ചെയ്തു. തടങ്കലിൽ കഴിഞ്ഞിരുന്ന സമയത്ത് അസദ് ഖാനോട് മാന്യതയോടും അനുകമ്പയോടും കൂടിയാണ് പെരുമാറിയത്. ഇന്ത്യൻ സൈന്യത്തിന് മാനുഷിക മൂല്യങ്ങളോടും പ്രൊഫഷണൽ പെരുമാറ്റത്തോടുമുള്ള പ്രതിബദ്ധതയെയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് സൈന്യം വ്യക്തമാക്കി.

## അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം കേന്ദ്രത്തിൽ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് ഡിപ്ലോമ കോഴ്സിന് പ്ലസ് ടു യോഗ്യതയുള്ളവർക്കും ടാലി ഉപയോഗിച്ചുള്ള കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗും ആൻഡ് ജിഎസ്ടി കോഴ്സിന് പ്ലസ് ടു കമേഴ്സ്/ ബി.കോം യോഗ്യതയുള്ളവർക്കും ജൂൺ 27 വരെ www.lbscentre.kerala.gov.in വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471-2560333, 9995005055.




കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും സംസ്ഥാന പൊതുവിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ, വിവര പൊതുജന സമ്പർക്ക വകുപ്പുകളുടേയും സഹകരണത്തോടെ പി എൻ ഫൗണ്ടേഷൻ കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ച 31-ാം ദേശീയ വായനോത്സവത്തിന്റെ ഭാഗമായ വായനാദിനത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു

# ചെയ്യാത്ത കുറ്റത്തിനു മൂന്നു വർഷം ജയിൽ; എട്ട് വർഷങ്ങൾക്കിപ്പുറം സന്യാസിനിക്കു നീതി

ന്യൂഡൽഹി: കത്തോലിക്കാ സഭയും മിഷനറീസ് ഓഫ് ചാരിറ്റിയും നടത്തിയ നിയമപോരാട്ടത്തിന് ജാർഖണ്ഡിലെ റാഞ്ചി സിവിൽ കോടതിയുടെ ആശ്വാസ വിധിയിലൂടെ അന്ത്യം കുറിച്ചു. 2018ൽ ശിശുക്കടത്ത് ആരോപിച്ചു പ്രതിചേർക്കപ്പെട്ട മിഷനറീസ് ഓഫ് ചാരിറ്റിയിലെ സിസ്റ്റർ കോൺസിലിയ ഉൾപ്പെടെ മൂന്നു പേരെ എട്ട് വർഷത്തെ നിയമപോരാട്ടങ്ങൾക്കൊടുവിൽ കുറ്റവിമുക്തരാക്കിക്കൊണ്ട് സിവിൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചു.

സിസ്റ്റർ കോൺസിലിയ ഉൾപ്പെടെ പ്രതിചേർക്കപ്പെട്ട മൂന്നു പേർക്കെതിരെ വ്യക്തമായ തെളിവുകൾ സമർപ്പിക്കാൻ പരാജയപ്പെട്ടു എന്നു ചൂണ്ടിക്കാട്ടിയാണ് കോടതി നടപടി.

മിഷനറീസ് ഓഫ് ചാരിറ്റി നടത്തുന്ന ജാർഖണ്ഡിലെ റാഞ്ചിയിൽ നടത്തിയിരുന്ന 'നിർമൽ ഹൃദയ്' എന്ന സ്ഥാപനത്തിൽനിന്നു 14 ദിവസം പ്രായമുള്ള ആൺ കുഞ്ഞിനെ 50,000 രൂപയ്ക്കു വിറ്റു എന്ന ആരോപണത്തെ തുടർന്നാണ് 2018ൽ സിസ്റ്റർ കോൺസിലിയക്കും സ്ഥാപത്തിലെ ജീവനക്കാർക്കും എതിരെ കേസ് രജിസ്റ്റർ ചെയ്യുന്നത്.

ഇതിനു പുറമെ 2018 ആദ്യം മുതൽ മൂന്നു കുട്ടികളെ കൂടെ വിറ്റു എന്ന ആരോപണവും ഇവർക്കെതിരെ ഉന്നയിച്ചിരുന്നു. ബലാത്സംഗത്തിനിരയായവരും മനുഷ്യക്കടത്തിൽനിന്ന് രക്ഷപ്പെടുത്തിയ അവിവാഹിതരായ ഗർഭിണികൾക്ക് അഭയം നൽകുന്ന സ്ഥാപനമായിരുന്നു നിർമൽ ഹൃദയ്.

ഈ കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ സിസ്റ്റർ കോൺസിലിയയ്ക്കു ജാമ്യം ലഭിക്കുന്നതിന് മുൻപ് മൂന്നു വർഷത്തോളം ജയിലിൽ കഴിയേണ്ടി വന്നു. അന്നത്തെ സംഭവത്തെത്തുടർന്ന് ജാർഖണ്ഡിലെ മിഷനറീസ് ഓഫ് ചാരിറ്റി സ്ഥാപനങ്ങൾക്കു നേരെ വലിയ തോതിലുള്ള പ്രതിഷേധവും അന്വേഷണ കോലാഹലങ്ങളുമാണ് അധികാരികൾ അഴിച്ചുവിട്ടത്. സിബിഐ അന്വേഷണത്തിനു വരെ പോലീസ് ശിപാർശ ചെയ്തു.

24 ശിശുക്കൾ പാർത്തിരുന്ന ഹിനൂവിലെ മറ്റൊരു സ്ഥാപനം അധികാരികൾ അടച്ചുപൂട്ടി. കൂടാതെ വിദേശ സംഭാവനകൾ ദുരുപയോഗം ചെയ്യുകയാണെന്ന് ആരോപണവും സന്യാസിനി സമൂഹം നേരിടേണ്ടി വന്നു. ജാർഖണ്ഡിൽ മിഷനറീസ് ഓഫ് ചാരിറ്റിയുടെ കീഴിലുള്ള 12 സ്ഥാപനങ്ങളും പോലീസ് നിരീക്ഷണത്തിലാക്കി.

എന്നാൽ, പ്രതിസന്ധികൾ ഏറെ നേരിട്ടെങ്കിലും എട്ടു വർഷത്തിനിപ്പുറം സത്യം മറനീക്കി പുറത്തു വന്നതിൻറെ സന്തോഷത്തിലാണ് സന്യാസിനി സമൂഹം. സത്യത്തിൻറെയും പ്രാർത്ഥനയുടെയും വിശ്വാസത്തിൻറെയും വിജയമെന്നാണ് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ മുൻ ജനറൽ സെക്രട്ടറിയും ഡാൽട്ടൻഗഞ്ച് ബിഷപ്പുമായ തിയോഡോർ മസ്കരേനാസ് വിശേഷിപ്പിച്ചത്.

പോലീസും മാധ്യമങ്ങളും സന്യാസിനി ആരോപണങ്ങൾ വലിയ രീതിയിൽ പ്രചരിപ്പിച്ചപ്പോൾ മിഷനറീസ് ഓഫ് ചാരിറ്റിയുടെ മിക്ക ഭവനങ്ങളും ഇതിൻറെ ആഘാതം നേരിട്ടു. എങ്കിലും കടുത്ത വെല്ലുവിളികൾക്കിടയിലും പാവപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരുമായ ജനങ്ങൾക്കായുള്ള തങ്ങളുടെ സേവനം സിസ്റ്റർമാർ തടസമില്ലാതെ തുടർന്നുവെന്നും അദ്ദേഹം പറഞ്ഞു.

# വായനയാണ് വിജ്ഞാന വിസ്ഫോടന കാലത്തെ ഏറ്റവും വലിയ കരുത്ത്: മുഖ്യമന്ത്രി

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വിജ്ഞാനലോകത്തിൽ സ്വയം നവീകരിക്കാനും പുതിയ അറിവുകൾ ആർജിക്കാനും വായന അനിവാര്യമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വിജ്ഞാന വിസ്ഫോടന കാലത്തെ ഏറ്റവും വലിയ കരുത്താണ് വായനയെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും സംസ്ഥാന പൊതുവിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ, വിവര പൊതുജന സമ്പർക്ക വകുപ്പുകളുടേയും സഹകരണത്തോടെ പി എൻ ഫൗണ്ടേഷൻ കനകക്കുന്ന് കൊട്ടാരത്തിൽ സംഘടിപ്പിച്ച 31-ാം ദേശീയ വായനോത്സവത്തിന്റെ ഭാഗമായ വായനാദിനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.ഓരോ പുസ്തകവും അറിവിന്റെ പുതിയ ലോകങ്ങളിലേക്കുള്ള വാതിലുകളാണ്. മനുഷ്യനെ കൂടുതൽ സമ്പന്നനാക്കുന്ന അനുഭവമാണിത്. കേവലം അറിവ് മാത്രമല്ല, മാനവ മൂല്യങ്ങളാണ് ഇതുവഴി പകരപ്പെടുന്നത്. മറ്റുള്ളവരുടെ ജീവിതവും സങ്കടങ്ങളും മനസ്സിലാക്കാനും സഹജീവികളോടുള്ള അനുഭാവം വളർത്താനും വായന സഹായിക്കും. കോമിക്കുകൾ വായിച്ചുതുടങ്ങിയാണെങ്കിലും കുട്ടികൾ വായനയുടെ വിശാല ലോകത്തേക്ക് കടന്നുവരണം. വായനയിലൂടെ സമൂഹം ബഹുമാനിക്കുന്ന വ്യക്തികളായി ഓരോരുത്തരും വളരണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.

മാനവശേഷിയെ മറികടക്കുന്നതരത്തിൽ എ ഐ പോലുള്ള സാങ്കേതികവിദ്യകൾ മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ആഗോള തൊഴിൽമേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയിലും മാറ്റങ്ങൾ വരുത്തും. ആഗോള തൊഴിൽമേഖലയിലെ മാറ്റങ്ങൾ പഠിക്കുന്നതിനായി 'ഗ്ലോബൽ ജോബ് വാച്ച്' പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ പോകാതെ തന്നെ കേരളത്തിൽ മികച്ച വിദ്യാഭ്യാസവും തൊഴിൽസാധ്യതകളും സൃഷ്ടിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ അധ്യക്ഷനായ ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോണും സാംസ്കാരിക-ടൂറിസം വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥും മുഖ്യാതിഥികളായി. പി. എൻ. പണിക്കർ ഫൗണ്ടേഷൻ ചെയർമാനും മുൻ എം.പിയുമായ പന്ന്യൻ രവീന്ദ്രൻ, രാജ്യസഭാ മുൻ ഡെപ്യൂട്ടി ചെയർമാൻ പി. ജെ. കുര്യൻ, കേരള നിയമസഭാ മുൻ സ്പീക്കർ എം. വിജയകുമാർ, വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ സബിൻ സമീദ്, സാഹിത്യകാരൻ ഡോ. ജോർജ്ജ് ഓണക്കൂർ, ചലച്ചിത്ര സംഗീത സംവിധായകൻ ഡോ. മണക്കാല ഗോപാലകൃഷ്ണൻ, പി എൻ പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ ബാലഗോപാൽ തുടങ്ങിയവർ സന്നിഹിതരായി.

## ഹിമാചൽപ്രദേശിൽ കാർ കൊക്കയിലേക്ക് മറിഞ്ഞ് ഏഴ് പേർ മരിച്ചു

ഷിംല: ഹിമാചൽപ്രദേശിലെ ചമ്പ ജില്ലയിൽ കാർ കൊക്കയിലേക്ക് മറിഞ്ഞ് ഏഴ് പേർ മരിച്ചു. മസ്രുന്ദ്-ഹമാൽ റൂട്ടിൽ ഛത്രണ്ടുണ്ടിന് സമീപമാണ് അപകടം നടന്നത്.

വാഹനത്തിൻറെ നിയന്ത്രണം നഷ്ടമായതാണ് അപകടകാരണം. വാഹനത്തിലുണ്ടായിരുന്ന ഏഴ് പേരും സംഭവസ്ഥലത്ത് തന്നെ മരിച്ചു. മതപരമായ ചടങ്ങിൽ പങ്കെടുത്ത ശേഷം വീട്ടിലേക്ക് മടങ്ങുന്നതിനിടെയാണ് അപകടമുണ്ടായത്. സംഭവത്തെത്തുടർന്ന് പോലീസ് ഉദ്യോഗസ്ഥരും ജില്ലാ ഭരണകൂട ഉദ്യോഗസ്ഥരും നാട്ടുകാരും സ്ഥലത്തെത്തി ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ നടത്തി. മൃതദേഹങ്ങൾ ആശുപത്രിയിലേക്ക് മാറ്റി.

# തിരുപ്പൂരിൽ മലയാളി യുവതിക്ക് നേരെ ലൈംഗീകാതിക്രമം; ലോറി ഡ്രൈവർ അറസ്റ്റിൽ

ചെന്നൈ: തിരുപ്പൂരിൽ ജോലി തേടിയെത്തിയ മലയാളി യുവതിക്കുനേരെ ലൈംഗീകാതിക്രമ ശ്രമം നടത്തിയ ലോറി ഡ്രൈവർ അറസ്റ്റിൽ. യാസിർബാബു നഗർ സ്വദേശി ഫൈസൽ അഹമ്മദിനെയാണു തിരുപ്പൂർ സൗത്ത് പൊലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ദിവസം രാത്രി 12നാണ് സംഭവം. ട്രെയിനിൽ തിരുപ്പൂരിലെത്തിയ 25 കാരി സെൻട്രൽ ബസ് സ്റ്റാൻഡിൽ നിൽക്കുകയായിരുന്നു. ഇതിനിടെ ഇവിടെയെത്തിയ യുവാവ് യുവതിയുമായി സംസാരിക്കുകയും താൻ വസ്ത്രനിർമാണ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആളാണെന്നു തെറ്റിദ്ധരിപ്പിച്ച് ജോലി വാഗ്ദാനം നൽകി ഇരുചക്രവാഹനത്തിൽ കൂട്ടിക്കൊണ്ടുപോവുകയുമായിരുന്നു.

രാത്രി ഒന്നോടെ തിരുപ്പൂർ നല്ലൂരിനു സമീപം പുതുപ്പാളയത്ത് ആളൊഴിഞ്ഞ പ്രദേശത്ത് എത്തിച്ച് പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് കേസ്. ഓടിരക്ഷപ്പെട്ട യുവതി രാത്രിയിൽ തുറന്നുപ്രവർത്തിച്ചിരുന്ന ബേക്കറിയിലെത്തി വിവരം അറിയിച്ചു.

ബേക്കറി തൊഴിലാളികൾ അറിയിച്ചതിനെ തുടർന്ന് നല്ലൂർ പോലീസ് എത്തി പരിശോധന നടത്തിയെങ്കിലും യുവാവിനെ കണ്ടെത്താനായിരുന്നില്ല. എന്നാൽ, സിസിടിവി കേന്ദ്രീകരിച്ച് അന്വേഷണം തുടർന്നു. അന്വേഷണത്തിന് പോലീസ് പ്രത്യേക സംഘവും രൂപവത്കരിച്ചു.

സെൻട്രൽ ബസ് സ്റ്റാൻഡിലെയും പുതുപ്പാളയം ഭാഗത്തെയും നിരീക്ഷണ കാമറകൾ പരിശോധിച്ചതിൽനിന്നാണ് പ്രതിയെ കണ്ടെത്താനായത്. യുവാവ് ലോറിയിൽ ലോഡുമായി പോയി തിരികെ എത്തിയ ശേഷം മദ്യപിച്ച് വരുന്നതിനിടെയാണു യുവതിയെ തെറ്റിദ്ധരിപ്പിച്ച് കൂട്ടിക്കൊണ്ടുപോയതെന്ന് സിസിടിവി ദൃശ്യങ്ങളിൽനിന്ന് വ്യക്തമായി.

## യുഎസിൽ കുതിരവണ്ടിയിൽ നിന്നും വീണ് ഇന്ത്യക്കാരൻ മരിച്ചു

വാഷിംഗ്ടൺ ഡിസി: ന്യൂയോർക്ക് സിറ്റിയിൽ നിയന്ത്രണം വിട്ട കുതിരവണ്ടിയിൽ നിന്ന് തെറിച്ചു വീണ് ഇന്ത്യക്കാരനായ കൗമാരക്കാരൻ മരിച്ചു. അമേരിക്കയിലെ പ്രശസ്തമായ സെൻട്രൽ പാർക്കിൽ വച്ചുണ്ടായ അപകടത്തിൽ രോമഞ്ച് മഹാജൻ(18) ആണ് മരിച്ചത്. ടൂറിസ്റ്റ് വീസയിലാണ് രോമഞ്ച് അമേരിക്കയിലെത്തിയത്. കുടുംബത്തോടൊപ്പം കുതിരവണ്ടിയിൽ സഞ്ചരിക്കുകയായിരുന്ന രോമഞ്ച് മഹാജന്, വണ്ടിയിൽ നിന്ന് തെറിച്ചുവീണ് തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൂന്നുപേരടങ്ങുന്ന യാത്രക്കാരുടെ ചിത്രം പകർത്താനായി ഡ്രൈവർ വണ്ടിയിൽ നിന്നും മാറിയ സമയത്താണ് കുതിര നിയന്ത്രണം വിട്ട് ഓടിയത്. മറ്റൊരു കുതിരവണ്ടിയുമായി കൂട്ടിയിടിച്ചതിനെ തുടർന്ന് ഈ വണ്ടി തലകീഴായി മറിയുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ രോമഞ്ച് മഹാജനെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിൽ എത്തിച്ചയുടൻ തന്നെ അദ്ദേഹം മരിച്ചതായി ഡോക്ടർമാർ സ്ഥിരീകരിച്ചു. അതേസമയം, വണ്ടിയിലുണ്ടായിരുന്ന മറ്റ് രണ്ട് യാത്രക്കാർക്ക് പരിക്കുകളൊന്നും സംഭവിച്ചിട്ടില്ല.

## ടെലഗ്രാമിന് ഏർപ്പെടുത്തിയ നിരോധനം ശരിവച്ച് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ പുനഃപരീക്ഷയ്ക്ക് മുന്നോടിയായി മെസഞ്ചർ ആപ്പായ ടെലിഗ്രാമിന് ഏർപ്പെടുത്തിയ നിരോധനം ശരിവച്ച് ഡൽഹി ഹൈക്കോടതി. അടിയന്തര സാഹചര്യം കണക്കിലെടുത്താണ് കോടതി ഈ ഉത്തരവ് പുറപ്പെടുവിച്ചത്.കേന്ദ്രസർക്കാർ സ്വീകരിച്ച നടപടികൾ ഏറ്റവും കുറഞ്ഞ നിയന്ത്രണങ്ങൾ മാത്രമുള്ളതാണെന്നും കോടതി നിരീക്ഷിച്ചു.അടിയന്തര സാഹചര്യം കണക്കിലെടുത്ത് വിവരസാങ്കേതികവിദ്യാ നിയമത്തിലെ സെക്ഷൻ 69എ പ്രകാരം നടപടിക്രമങ്ങൾ സർക്കാർ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും സർക്കാർ നൽകിയ കാരണങ്ങൾ ബോധ്യപ്പെടുത്തുന്നതാണെന്നും കോടതി വ്യക്തമാക്കി. ഈ നടപടികൾ നിയമപരമാണെന്നു കോടതി വിലയിരുത്തി.പരീക്ഷാക്രമക്കേടുകളും ചോദ്യപേപ്പർ ചോർച്ചയും തടയുന്നതിൻറെ ഭാഗമായാണ് കേന്ദ്ര സർക്കാർ ടെലിഗ്രാമിനു നിരോധനം ഏർപ്പെടുത്തിയത്. ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികൾ തള്ളിക്കൊണ്ടാണ് ഹൈക്കോടതിയുടെ സുപ്രധാന വിധി. പരീക്ഷയുടെ സുതാര്യത ഉറപ്പാക്കാൻ ഇത്തരം മുൻകരുതലുകൾ അത്യാവശ്യമാണെന്നു കോടതി ചൂണ്ടിക്കാട്ടി.

# 'തന്ത്രങ്ങൾ കോടതിയോട് വേണ്ട, ഹാജരായില്ലെങ്കിൽ നിയമനടപടി': മുഹമ്മദ് ഹനീഷിന് ഹൈക്കോടതിയുടെ മുന്നറിയിപ്പ്

കൊച്ചി: കശുവണ്ടി വികസന കോർപ്പറേഷൻ അഴിമതി കേസിൽ വ്യവസായ വകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് നേരിട്ട് ഹാജരാകാത്തതിൽ വിമർശനവുമായി ഹൈക്കോടതി. തന്ത്രങ്ങൾ കോടതിയോട് വേണ്ടെന്ന് ജസ്റ്റീസ് എ. ബദറുദ്ദീൻ പറഞ്ഞു. തിങ്കളാഴ്ച ഹാജരായില്ലെങ്കിൽ അറസ്റ്റ് അടക്കമുള്ള കടുത്ത നിയമനടപടി നേരിടേണ്ടി വരുമെന്നും കോടതി അറിയിച്ചു. മുഹമ്മദ് ഹനീഷിനോട് ഇന്ന് നേരിട്ട് ഹാജരാകാണമെന്ന് കോടതി നിർദേശിച്ചിരുന്നു. എന്നാൽ ബജറ്റിൻറെ തിരക്കിലാണ് എന്നാണ് ഹനീഷ് കോടതിയിൽ അറിയിച്ചത്. ഇതോടെയാണ് തിങ്കളാഴ്ച ഹാജരാകണമെന്ന് കോടതി അന്തിമശാസനം നൽകിയത്. പുതിയ വ്യവസായ വകുപ്പ് സെക്രട്ടറി കെ. ബിജുവിനെയും കേസിൽ കക്ഷിച്ചേർത്തു. വിദേശത്ത് നിന്നും അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തതിൽ 500 കോടിയുടെ അഴിമതി നടന്നതായാണ് സിബിഐ കണ്ടെത്തിയത്. കശുവണ്ടി വികസന കോർപറേഷൻ മുൻ ചെയർമാൻ ആർ. ചന്ദ്രശേഖർ, മുൻ എംഡി കെ. എ. രതീഷ് എന്നിവർക്കെതിരേയാണ് 2020ൽ സിബിഐ കുറ്റപത്രം സമർപ്പിച്ചത്. ആർ. ചന്ദ്രശേഖറെയും കെ. എ രതീഷിനെയും വിചാരണ നടത്താൻ അനുമതി നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ ഉത്തരവ് നടപ്പാക്കാത്തതിനാണ് മുഹമ്മദ് ഹനീഷിനെതിരെ കോടതിയലക്ഷ്യ നടപടി സ്വീകരിച്ചത്.



പ്രിന്റിംഗ് വകുപ്പ് ഉദ്യോഗസ്ഥർ മുഖ്യമന്ത്രി വി.ഡി.സതീശന് ബഡ്ജറ്റ് ഡോക്യുമെന്റ് കൈമാറുന്നു

# കൊച്ചിയിൽ ചിത്രനഗരം, കോഴിക്കോട്ട് കൾച്ചറൽ സെൻറർ, തൃശൂരിൽ മ്യൂസിക് അക്കാദമി; സിനിമയ്ക്ക് നേട്ടങ്ങളേറേ

തിരുവനന്തപുരം: വി.ഡി. സതീശൻ സർക്കാരിൻറെ ആദ്യ ബജറ്റിൽ മലയാളസിനിമയ്ക്ക് നേട്ടങ്ങളേറെയാണ്. മലയാളസിനിമ മേഖലയെ വികസിപ്പിക്കാൻ സമഗ്രപദ്ധതികളാണ് ഇത്തവണ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൻറെ ഭാഗമായി ജെ.സി. ഡാനിയേൽ ഇൻറർനാഷ്ണൽ ഫിലിം സിറ്റി ചിത്രനഗരം കൊച്ചിയിൽ സ്ഥാപിക്കും.

സിനിമയ്ക്ക് വ്യവസായ പദവി നൽകൽ, അന്തരാഷ്ട്ര ചലച്ചിത്രോത്സവത്തിനായി സ്ഥിരമായ വേദി സൃഷ്ടിക്കൽ, ആൻറി പൈറസി സെല്ലുകൾ രൂപികരിക്കൽ, ദേശീയ അന്തരാഷ്ട്ര സിനിമ നിർമാണത്തെ ആകർഷിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്തൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി നൂറുകോടി രൂപയാണ് വകയിരിത്തിയിരിക്കുന്നത്.

എം.ടി. വാസുദേവൻ നായരുടെ ഓർമയ്ക്കായി അദ്ദേഹത്തിൻറെ പേരിൽ കോഴിക്കോട് കൾച്ചറൽ പാർക്കും സ്ഥാപിക്കും. കഥകളി, കൂത്ത്, തെയ്യം, ഒപ്പന, മാപ്പിളപ്പാട്ട്, മാർഗം കളി, അയ്നിപ്പാട്ട്, ഗോത്രകലാരൂപങ്ങൾ എന്നിവ അവതരിപ്പിക്കും. ജെൻസി കുട്ടികൾക്കായി അവരുടെ ഷോർട് ഫിലിമുകൾ, ഡോക്യുമെൻററികൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും നൃത്ത സംഗീതങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനും സൗകര്യം ഒരുക്കും.ഇതിലൂടെ വിനോദവിഞ്ജാന കേന്ദ്രമാക്കി ഇതിനെ മാറ്റാനാണ് ഉദ്ദേശ്യം. 50 കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. ഇതിൻറെ നടത്തിപ്പിനായി കേരള കൾച്ചറൽ ടൂറിസം ട്രെസ്റ്റ് രൂപികരിക്കും.

കൂടാതെ മൺമറഞ്ഞ വിഖ്യാത സംഗീതസംവിധായകൻ ജോൺസൺ മാഷിൻറെ പേരിൽ തൃശൂരിൽ മ്യൂസിക് അക്കാദമി ആരംഭിക്കും. ഇതിനായി അഞ്ചു കോടി രൂപയാണ് വകയിരിത്തിയിരിക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ബജറ്റിൽ ഭാവി കേരളത്തിനുള്ള ബ്ലൂപ്രിൻറ് ഇല്ല; സാമ്പത്തിക അപകടാവസ്ഥ രാഷ്ട്രീയ ആക്ഷേപമെന്ന് പിണറായി

തിരുവനന്തപുരം: യുഡിഎഫ് സർക്കാരിൻറെ ആദ്യ ബജറ്റിൽ ഭാവി കേരളത്തിനുള്ള ബ്ലൂപ്രിൻറ് ഇല്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. എൽഡിഎഫ് സർക്കാർ നടത്തിയ പദ്ധതികളിൽ പലതിൻറെയും പേരുമാറ്റി പ്രഖ്യാപിക്കുകയാണ് ചെയ്തതെന്ന് പിണറായി വിമർശിച്ചു.

കേരളം എന്തോ സാമ്പത്തിക അപകടാവസ്ഥയിൽ എന്ന സന്ദേശമാണ് ആമുഖത്തിലും മുഖ്യമന്ത്രി പറഞ്ഞത്. ബജറ്റ് വിഹിതം പരിശോധിച്ചാൽ അതല്ല ചിത്രം. 2000 കോടിയുടെ അധിക വിഹിതം നൽകാൻ കഴിഞ്ഞു. സാമ്പത്തിക അപകടാവസ്ഥ രാഷ്ട്രീയ ആക്ഷേപം മാത്രമാണെന്നും 6000 കോടി ട്രഷറിയിൽ ബാക്കി വച്ചാണ് എൽഡിഎഫ് സർക്കാർ ഇറങ്ങിയതെന്നും പിണറായി പറഞ്ഞു.

സാമ്പത്തിക സ്ഥിതി മോശമല്ലാതിരുന്നിട്ടും ബജറ്റിൽ പിൻവാങ്ങലാണ് കണ്ടത്. ജനക്ഷേമ കാര്യത്തിൽ നേരത്തെയുള്ള ബജറ്റ് വിഹിതം പല കാര്യങ്ങളിലും വെട്ടി കുറച്ചു. കാർഷിക മേഖലയിൽ ആശ്വാസ നടപടിയില്ല. കേന്ദ്രനയ നിലപാടുകൾ കാരണം സംസ്ഥാനത്തിന് ഉണ്ടാകുന്ന ധന നഷ്ടം കണ്ടില്ലെന്ന് നടിക്കുകയാണ്. ഇതിൽ രാഷ്ട്രീയം ഉണ്ട്. മുൻകൂർ ജാമ്യം എടുക്കലായിരുന്നു ധവളപത്രമെന്നും പിണറായി കുറ്റപ്പെടുത്തി.

വൻ കിട കോർപ്പറേറ്റ് താത്പര്യങ്ങൾ ആണ് കാണുന്നത്. സ്വകാര്യ മേഖലയ്ക്ക് അവസരം നൽകുന്നതാണ് ബജറ്റും.

ധാതുക്കളുടെ ഖനനം സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കുകയാണ്. എൽഡിഎഫ് സർക്കാർ ആശയം അട്ടിമറിക്കുന്നു. കേരളത്തിൻറെ തീരത്തെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതാനാണോ മാരിടൈം പോളിസി എന്ന് ആശങ്കയുണ്ടെന്നും പിണറായി കൂട്ടിച്ചേർത്തു.

# തെക്കൻ ലെബനനിൽ ഇസ്രയേൽ വ്യോമാക്രമണം; 16 പേർ കൊല്ലപ്പെട്ടു

ബെയ്റൂട്ട്: തെക്കൻ ലെബനനിൽ ഇസ്രയേൽ വ്യോമസേന നടത്തിയ വ്യോമാക്രമണത്തിൽ 16 പേർ കൊല്ലപ്പെട്ടു. ലെബനൻറെ ഔദ്യോഗിക വാർത്താ ഏജൻസിയായ നാഷണൽ ന്യൂസ് ഏജൻസിയാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്.

മേഖലയിൽ വൻ പോരാട്ടം നടക്കുന്നതായി ഹിസ്ബുള്ളയും സ്ഥിരീകരിച്ചു. ആക്രമണങ്ങൾ ഇപ്പോഴും തുടരുകയാണെന്ന് ഇസ്രായേൽ സൈന്യവും വ്യക്തമാക്കി.ഇസ്രായേൽ സൈന്യം ലെബനനിൽ തന്നെ തുടരുമെന്ന് പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു വ്യക്തമാക്കി. ഹിസ്ബുള്ളയിൽ നിന്നുള്ള ഭീഷണികൾ പൂർണമായും ഇല്ലാതാകുന്നത് വരെ സൈന്യത്തെ പിൻവലിക്കില്ലെന്നാണ് അദ്ദേഹത്തിൻറെ നിലപാട്. ഈ വർഷം അവസാനം രാജ്യം പൊതുതെരഞ്ഞെടുപ്പിനെ നേരിടാനിരിക്കെയാണ് നെതന്യാഹു നിലപാട് കടുപ്പിക്കുന്നത്.

സ്വിറ്റ്സർലൻഡിൽ നടത്താനിരുന്ന ഇറാൻഅമേരിക്ക സമാധാന ചർച്ചകൾ വൈകുന്നതിനിടയിലാണ് ഈ ആക്രമണങ്ങൾ ഉണ്ടായത് എന്നതാണ് മറ്റൊരു പ്രധാനകാര്യം.

അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ് ചർച്ചകൾക്ക് നേതൃത്വം നൽകാൻ സ്വിറ്റ്സർലൻഡിലേക്ക് നടത്താനിരുന്ന യാത്ര വ്യാഴാഴ്ച മാറ്റിവെച്ചു. സാങ്കേതിക തടസങ്ങളാണ് ഇതിന് കാരണമായി വൈറ്റ് ഹൗസ് ചൂണ്ടിക്കാണിക്കുന്നത്.

എന്നാൽ, ലെബനനിൽ ഇസ്രായേൽ തുടരുന്ന സൈനിക നടപടികളിൽ പ്രതിഷേധിച്ച് ഇറാൻ തങ്ങളുടെ പ്രതിനിധി സംഘത്തെ സ്വിറ്റ്സർലൻഡിലേക്ക് അയക്കുന്നത് വൈകിപ്പിക്കുന്നതായി ഹിസ്ബുള്ള അനുകൂല പാൻഅറബ് സാറ്റലൈറ്റ് ചാനലായ അൽമയാദീൻ റിപ്പോർട്ട് ചെയ്തതിന് പിന്നാലെയാണ് ഈ പ്രഖ്യാപനം ഉണ്ടായത്.



ഒളിമ്പിക് ഫോറസ്റ്റ് സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിയമസഭാ വളപ്പിനുള്ളിൽ വൃക്ഷതൈ നട്ട് നിർവഹിക്കുന്നു

# രാഹുൽ ഗാന്ധിക്ക് ജന്മദിനാശംസകൾ നേർന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധിക്ക് ജന്മദിനാശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.നല്ല ആരോഗ്യവും ദീർഘായുസും ഉണ്ടാകട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.രാഹുൽ ഗാന്ധിക്ക് 56 വയസാണ് പൂർത്തിയായത്.'ലോക്സഭയിലെ പ്രതിപക്ഷ നേതാവ് ശ്രീ രാഹുൽ ഗാന്ധി ജിക്ക് ജന്മദിനാശംസകൾ. അദ്ദേഹത്തിന് നല്ല ആരോഗ്യവും ദീർഘായുസ്സും ഉണ്ടാകാൻ പ്രാർഥിക്കുന്നു' എന്ന് പ്രധാനമന്ത്രി മോദി എക്സിൽ കുറിച്ചു.

# വീട്ടുജോലിക്കാരിയെ കൊലപ്പെടുത്തിയ ഡോക്ടർ അറസ്റ്റിൽ

ന്യൂഡൽഹി: ഡൽഹിയിലെ കൈലാഷ് ഹിൽസ് പ്രദേശത്ത് വീട്ടുജോലിക്കാരിയെ കൊലപ്പെടുത്തിയ ഡോക്ടർ അറസ്റ്റിൽ. ഡൽഹിയിലെ പ്രമുഖ ത്വക്ക് രോഗ വിദഗ്ധൻ ഡോ. മനീഷ് ഗുപ്തയാണ് വീട്ടുജോലിക്കാരിയായ മീന (45) എന്ന സ്ത്രീയെ കൊലപ്പെടുത്തിയത്.

ഒരു സ്ത്രീ രക്തത്തിൽ കുളിച്ചു കിടക്കുന്നതായി അയൽവാസികളിൽ ഒരാൾ പോലീസിനെ അറിയിച്ചതിനെ തുടർന്നാണ് സംഭവം പുറത്തറിയുന്നത്. വിവരം ലഭിച്ച ഉടൻ തന്നെ പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. പരിശോധനയിൽ മൃതദേഹം മീനയുടെ താണെന്നു കണ്ടെത്തി.പോലീസ് നൽകുന്ന വിവരമനുസരിച്ച്, മീന പതിവുപോലെ ജോലിക്കായി ഡോക്ടറുടെ വീട്ടിലെത്തിയതായിരുന്നു. എന്നാൽ പിന്നീട് ഇരുവരും തമ്മിൽ തർക്കമുണ്ടാവുകയും തുടർന്ന് കോപാകുലനായ ഡോക്ടർ ആദ്യം ക്രിക്കറ്റ് ബാറ്റ് ഉപയോഗിച്ച് മീനയെ ആക്രമിക്കുകയും പിന്നീട് കത്തി ഉപയോഗിച്ച് കുത്തി പരിക്കേൽപ്പിക്കുകയുമായിരുന്നു. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ മീന സംഭവസ്ഥലത്ത് തന്നെ മരിച്ചു.

സംഭവത്തിൽ കേസെടുത്ത പോലീസ് മനീഷിനെ അറസ്റ്റ് ചെയ്തു. ചോദ്യം ചെയ്യലിൽ പ്രതി കുറ്റം സമ്മതിച്ചു. മീന മന്ത്രവാദം ചെയ്യുകയാണെന്ന സംശയം മനീഷിന് ഉണ്ടായിരുന്നുവെന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നത്. ഈ സംശയമാണ് ആക്രമണത്തിലേക്ക് നയിച്ചത്. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# തീരദേശവാസികൾക്ക് ആശ്വാസം; കൈതാങ്ങായി ബജറ്റ് പ്രഖ്യാപനങ്ങൾ

തിരുവനന്തപുരം: സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ആശ്വാസമാകുന്ന പ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി വി.ഡി. സതീശൻ. കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക്' എന്ന പ്രഖ്യാപനത്തോടെ, മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതിക്ക് രൂപം നൽകുമെന്ന് അദ്ദേഹം അറിയിച്ചു.ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി ലിറ്ററിന് 75 രൂപയായി വർദ്ധിപ്പിച്ചു.

പട്ടയമില്ലാത്ത എല്ലാ തീരദേശവാസികൾക്കും പട്ടയം നൽകുമെന്ന് ബജറ്റിൽ ഉറപ്പുനൽകി.മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കും. നിരന്തരമായ അപകടങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ബജറ്റിൽ പ്രത്യേക തുക വകയിരുത്തി.

# മുഖ്യമന്ത്രിയുടെ അനുശോചനം



ഒരു ചെറുചിരിയോടെയല്ലാതെ എൻ. ആർ. എസ് ബാബുവിനെ ഞാൻ കണ്ടിട്ടില്ല. രാഷ്ട്രീയ വിശകലനങ്ങളിൽ അഗ്രഗണ്യൻ, അന്വേഷണാത്മക പത്രപ്രവർത്തനത്തിന് പുതുവഴി വെട്ടിയ മാധ്യമ പ്രവർത്തകൻ, മൃദുഭാഷി, സഹൃദയൻ, ഏത് വിഷയത്തലും ആധികാരികമായി എപ്പോഴും അഭിപ്രായം പറയാൻ പറ്റുന്ന തരത്തിൽ അനുഭവങ്ങളും ജ്ഞാനവും ഉള്ളയാൾ. കേരളം കണ്ട മികച്ച മാധ്യമ പ്രവർത്തകരിൽ ഒരാൾ, എന്നും മനുഷ്യപക്ഷത്ത് നിന്ന് വാർത്തകളെ സമീപിച്ച ഒരാൾ ഇതൊക്കെയാണ് എൻ. ആർ. എസ് ബാബു. അതിനെല്ലാമുപരി നിറഞ്ഞ സ്നേഹമായിരുന്നു എൻ. ആർ. എസ്.

2001-ൽ ആദ്യം എം. എൽ. എ ആകുന്നതിന് മുൻപെ ഞാൻ എൻ. ആർ. എസ് ബാബുവിനെ കുറിച്ച് ഞാൻ കേട്ടിട്ടും വായിച്ചിട്ടുമുണ്ട്. നിയമസഭാ സമാജികനെന്ന നിലയിൽ പ്രവർത്തന മണ്ഡലം തിരുവനന്തപുരത്തേക്ക് കൂടി ദീർഘിപ്പിച്ചപ്പോഴാണ് നേരിട്ട് പരിചയപ്പെടുന്നത്. പിന്നീട് എൻ. ആർ. എസ് ബാബു എന്ന മാധ്യമ പ്രവർത്തകൻ അടുത്ത സുഹൃത്തും നല്ലൊരു ഉപദേശകനുമായി.

മാധ്യമ പ്രവർത്തന മേഖലയ്ക്ക് തീരാ നഷ്ടമമാണ് അദ്ദേഹത്തിന്റെ വിയോഗം. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുന്നു. ആദരാഞ്ജലികൾ.

# ആകാശപ്പാതയ്ക്ക് ശാപമോക്ഷം; നിർമാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപനം

കോട്ടയം: വി.ഡി. സതീശൻറെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാരിൻറെ ആദ്യബജറ്റിൽ കോട്ടയത്തെ ആകാശപ്പാതയുടെ നിർമാണം പൂർത്തിയാക്കുമെന്ന് പ്രഖ്യാപനം. കഴിഞ്ഞ 10 വർഷമായി ആകാശപാതയുടെ നിർമാണ പ്രവർത്തനത്തിൽ കാര്യമായി പുരോഗതിയില്ല.കോട്ടയം നഗരത്തിൻറെ ഹൃദയഭാഗത്ത് 2015 നവംബറിൽ നാറ്റ്പാക്കിൻറെ ട്രാഫിക് വികസന പ്ലാനിൻറെ അടിസ്ഥാനത്തിലാണ് ആകാശപ്പാത പദ്ധതിക്കു രൂപം നൽകിയത്. 5.18 കോടി രൂപയായിരുന്നു ചെലവ്. 2.16 കോടി രൂപയുടെ നിർമാണം നടത്തിയെങ്കിലും ഭരണമാറ്റം വന്നതോടെ തുടർപ്രവർത്തനങ്ങൾ മുടങ്ങിപ്പോകുകയായിരുന്നു. ബജറ്റിൽ പ്രഖ്യാപനമുണ്ടായതോടെ ആകാശപ്പാതയുടെ നിർമാണ പ്രവർത്തനങ്ങൾക്കു വീണ്ടും ജീവൻ വച്ചിരിക്കുകയാണ്.ഇതിനു പുറമെ റബർ കർഷകർക്കും ആശ്വാസമാണ് ബജറ്റിലുള്ളത്. റബറിൻറെ താങ്ങുവില കിലോഗ്രാമിനു 250 ആയി ഉയർത്തി. നിലവിൽ 200 രൂപ ആയിരുന്നു താങ്ങുവില. കോട്ടയത്തെ പ്രധാന തെരഞ്ഞെടുപ്പ് വിഷയവും റബർ വിലയായിരുന്നു.

# മാസപ്പടി കേസ്; ടി.വീണയുടെ ബാങ്ക് ലോക്കറിൽ ഇഡി പരിശോധന

തിരുവനന്തപുരം: മാസപ്പടി കേസിൽ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻറെ മകൾ ടി.വീണയുടെ ബാങ്ക് ലോക്കറിൽ ഇഡി സംഘത്തിൻറെ പരിശോധന. തിരുവനന്തപുരം എംജി റോഡിലെ എച്ച്ഡിഎഫ്സി ബാങ്കിലാണ് പരിശോധന നടക്കുന്നത്.

കേസിൽ വീണ അടക്കമുള്ളവരെ കഴിഞ്ഞ ദിവസം ഇഡി കൊച്ചിയിൽ ചോദ്യം ചെയ്തിരുന്നു. ബാങ്ക് സ്റ്റേറ്റ്മെൻറ് അടക്കമുള്ളവ ഹാജരാക്കണമെന്ന് ഇഡി ആവശ്യപ്പെട്ടിരുന്നെങ്കിലും ഭാഗികമായ രേഖകൾ മാത്രമാണ് ഇഡിക്ക് മുന്നിൽ ഹാജരാക്കിയത്.

ലോക്കറിൻറെ വിശദാംശങ്ങൾ ഹാജരാകാത്ത സാഹചര്യത്തിലാണ് ഇത് തുറന്ന് പരിശോധിക്കുന്നത്. എച്ച്ഡിഎഫ്സി ബാങ്കിലെ അടക്കം വീണയുടെ മൂന്ന് അക്കൗണ്ടുകളും നേരത്തേ ഇഡി മരവിപ്പിച്ചിരുന്നു.അതേസമയം കേസിൽ എസ്എഫ്ഐഒ കോടതിയിൽ ഹാജരാക്കിയ രേഖകൾ ഇഡിക്ക് ഇന്ന് ലഭിക്കും. ടി.വീണയും സിഎംആർഎല്ലും തമ്മിലുള്ള കരാർ, വീണയുടെ ആദായ നികുതി റിട്ടേണുകളടക്കമുള്ള 134 സുപ്രധാന രേഖകളാണ് പിഎംഎൽഎ കോടതി വഴി ഇഡിക്ക് ലഭിക്കുക.

# റബർ താങ്ങുവില വർധിപ്പിച്ചതിൽ സന്തോഷം; കാർഷിക ബജറ്റ് അവതരിപ്പിച്ചില്ലെന്ന് ജോസ് കെ.മാണി

കോട്ടയം: യുഡിഎഫ് സർക്കാരിൻറെ ആദ്യ ബജറ്റിൽ റബർ താങ്ങുവില 250 രൂപയായി ഉയർത്തിയ നടപടിയെ സ്വാഗതം ചെയ്ത് കേരള കോൺഗ്രസ് (എം) നേതാവ് ജോസ് കെ. മാണി. റബർ വില 300 രൂപയാക്കുമെന്ന വാഗ്ദാനവും, പ്രത്യേക കാർഷിക ബജറ്റ് അവതരിപ്പിക്കുമെന്ന ഉറപ്പും ബജറ്റിൽ പാലിക്കപ്പെട്ടില്ലെന്ന് അദ്ദേഹം വിമർശിച്ചു.തമിഴ്നാടും കർണാടകയും കാർഷിക ബജറ്റ് അവതരിപ്പിച്ച കാര്യം അദ്ദേഹം ചൂണ്ടിക്കാട്ടി. കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുമെന്നതും മത്സ്യത്തൊഴിലാളികൾക്ക് കടലവകാശം ഉറപ്പാക്കുമെന്നതും കേരള കോൺഗ്രസ് (എം) മുന്നോട്ടുവെച്ച ആവശ്യങ്ങളായിരുന്നു. ഇവ ബജറ്റിൽ ഉൾപ്പെടുത്തിയതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

വന്യജീവി ആക്രമണങ്ങളിൽ പൊലിഞ്ഞ ജീവനുകളെക്കുറിച്ച് സർക്കാർ മൗനം പാലിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടാനകളുടെ ആക്രമണത്തിൽ ഏഴ് പേർ കൊല്ലപ്പെട്ടു. ഇത് അതീവ ഗൗരവതരമാണെന്നും ഇതിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# കസേരയ്ക്കായി.., ഡിഎച്ച്എസ് ആയി ചുമതലയേൽക്കാനെത്തിയ റീനയ്ക്കായി ഒഴിഞ്ഞുകൊടുക്കാതെ മീനാക്ഷി

തിരുവനന്തപുരം: സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ആസ്ഥാനത്ത് കസേരയെച്ചൊല്ലി മുതിർന്ന ഉദ്യോഗസ്ഥർ തമ്മിൽ വൻ തർക്കവും നാടകീയ രംഗങ്ങളും. കോടതി വിധിയുമായി ഔദ്യോഗികമായി ചുമതലയേൽക്കാൻ എത്തിയ മുൻ ഡിഎച്ച്എസ് ഡോ. റീനയ്ക്ക് കസേര വിട്ടുനൽകാൻ നിലവിലെ ഡയറക്ടർ ഡോ. മീനാക്ഷി കൂട്ടാക്കാതിരുന്നതാണ് സ്ഥിതി വഷളാക്കിയത്. തർക്കം രൂക്ഷമായതോടെ പോലീസ് സ്ഥലത്തെത്തി.മുൻപ് ഡിഎച്ച്എസ് സ്ഥാനത്തുനിന്ന് മാറ്റപ്പെട്ട ഡോ. റീന തനിക്ക് അനുകൂലമായ കോടതി വിധിയുമായാണ് ഇന്ന് രാവിലെ തിരുവനന്തപുരത്തെ ജനറൽ ആശുപത്രി വളപ്പിലുള്ള ഡിഎച്ച്എസ് ആസ്ഥാനത്ത് എത്തിയത്.വിധി പ്രകാരം തനിക്ക് ഔദ്യോഗിക കസേരയിൽ ഇരുന്ന് ചുമതലയേൽക്കണമെന്ന് അവർ ആവശ്യപ്പെട്ടു. എന്നാൽ, നിലവിലെ ഡിഎച്ച്എസ് ആയ ഡോ. മീനാക്ഷി കസേരയിൽ നിന്നും മാറാൻ തയാറായില്ല.

സർക്കാരിൻറെ ഭാഗത്തുനിന്ന് കൃത്യമായ ഉത്തരവോ നിർദ്ദേശമോ ലഭിക്കാതെ താൻ കസേര ഒഴിഞ്ഞുതരില്ലെന്ന നിലപാടിൽ ഡോ. മീനാക്ഷി ഉറച്ചുനിന്നു. രണ്ടുപേരും തമ്മിലുള്ള തർക്കം മൂർച്ഛിച്ചതോടെ ഓഫീസിനുള്ളിൽ നാടകീയ രംഗങ്ങൾ അരങ്ങേറി. തുടർന്ന് ഡോ. മീനാക്ഷി പോലീസിൻറെ സഹായം തേടുകയും തനിക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിന് പോലീസ് സംരക്ഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.സ്ഥലത്തെത്തിയ പോലീസ് ഉദ്യോഗസ്ഥർ ഇരുവരുമായും ചർച്ച നടത്തുകയാണ്. സർക്കാരിൻറെ അടിയന്തര ഇടപെടൽ ഉണ്ടായാൽ മാത്രമേ ഈ കസേര തർക്കത്തിന് പരിഹാരമാകൂ.

# ഓപ്പറേഷൻ തണ്ടർ: കോതമംഗലത്ത് കഞ്ചാവുമായി ഓടി രക്ഷപ്പെടാൻ ശ്രമിച്ചയാളെ തൂക്കി എക്സൈസ്

കൊച്ചി: ഓപ്പറേഷൻ തണ്ടറിൻറെ ഭാഗമായി നടന്ന പരിശോധനയിൽ കോതമംഗലത്ത് കഞ്ചാവുമായി ഒരാൾ അറസ്റ്റിൽ. കോതമംഗലം പീസ് വാലിക്ക് സമീപം 314 ഭാഗത്ത് വച്ചാണ് വെസ്റ്റ് ബംഗാൾ, മുർഷിദാബാദ് സ്വദേശി എസ്.കെ. മുതുൾ എന്നയാളെ 1.305 കിലോഗ്രാം ഉണക്ക കഞ്ചാവുമായി പിടിയിലായത്.

പ്രദേശവാസികളായ അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ വിൽപ്പന നടത്തുന്നതിനായി കൊണ്ടുവന്ന കഞ്ചാവ് ആണിത്. എക്സൈസ് ഇൻസ്പെക്ടർ എം.പി. പ്രമോദിൻറെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് പ്രതി പിടിയിലായത്.

എക്സൈസ് വാഹനം കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പിന്തുടർന്ന് പിടികൂടുകയായിരുന്നു. കഞ്ചാവ് ഷോൾഡർ ഭാഗിൽ സൂക്ഷിച്ച നിലയിൽ ആയിരുന്നു.

പ്രദേശത്ത് പകൽ സമയത്ത് പോലീസിൻറെയും എക്സൈസിൻറെയും പരിശോധനകൾ നടക്കുന്ന സാഹചര്യത്തിലാണ് ഇയാൾ രാത്രിയിൽ കഞ്ചാവ് വിൽക്കാൻ എത്തിയത്.

മേയ്, ജൂൺ മാസങ്ങളിലായി കോതമംഗലം റേഞ്ച് ഓഫീസിൽ മാത്രം 39 എൻഡിപിഎസ് കേസ് രജിസ്റ്റർ ചെയ്യുകയും 36 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ നാലു പ്രതികൾ റിമാൻഡിൽ തുടരുന്നുണ്ടെന്നും എക്സൈസ് ഇൻസ്പെക്ടർ എം.പി. പ്രമോദ് പറഞ്ഞു.

പരിശോധനയിൽ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ എ.ഇ. സിദ്ധിക്ക്, പ്രിവൻറീവ് ഓഫീസർമാരായ വി.എ. ഷെമീർ, പി.ബി. ലിബു, കെ.എ. റസാഖ്, സിവിൽ എക്സൈസ് ഓഫീസർമാരായ പി.എം. ഉബൈസ്, വി.ഐ. ബിൻസാർ എന്നിവരും പങ്കെടുത്തു.

# വീണയുടെ ലോക്കർ തുറക്കട്ടെ, മഹാകാര്യങ്ങൾ ഉണ്ടോയെന്ന് നോക്കാമല്ലോ: പിണറായി വിജയൻ

തിരുവനന്തപുരം: മാസപ്പടി കേസിൽ മകൾ ടി.വീണയുടെ ബാങ്ക് ലോക്കർ തുറന്നുകൊണ്ടുള്ള ഇഡി പരിശോധനയിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കേസിൽ നേരത്തേ തന്നെ അന്വേഷണം നടക്കുന്നതാണ്. വീട്ടിലെത്തിയും ഇഡി റെയ്ഡ് നടത്തിയതാണ്. ബാങ്ക് ലോക്കർ കാണണമെന്ന് അവർക്ക് തോന്നിക്കാണുമെന്നും പിണറായി പ്രതികരിച്ചു.

നിങ്ങളും കാമറയും കൊണ്ട് ചെന്നുനോക്കു മഹാകാര്യങ്ങളോ വിസ്മയങ്ങളോ ഉണ്ടാകുമോ എന്ന് നോക്കാമല്ലോയെന്നും മാധ്യമപ്രവർത്തകരോട് പിണറായി പറഞ്ഞു. മാസപ്പടി കേസിൽ തിരുവനന്തപുരം എംജി റോഡിലെ എച്ച്ഡിഎഫ്സി ബാങ്കിലാണ് ഇഡി പരിശോധന നടക്കുന്നത്.

കേസിൽ വീണ അടക്കമുള്ളവരെ കഴിഞ്ഞ ദിവസം ഇഡി കൊച്ചിയിൽ ചോദ്യം ചെയ്തിരുന്നു. ബാങ്ക് സ്റ്റേറ്റ്മെൻറ് അടക്കമുള്ളവ ഹാജരാക്കണമെന്ന് ഇഡി ആവശ്യപ്പെട്ടിരുന്നെങ്കിലും ഭാഗികമായ രേഖകൾ മാത്രമാണ് ഇഡിക്ക് മുന്നിൽ ഹാജരാക്കിയത്.

ലോക്കറിൻറെ വിശദാംശങ്ങൾ ഹാജരാകാത്ത സാഹചര്യത്തിലാണ് ഇത് തുറന്ന് പരിശോധിക്കുന്നത്. എച്ച്ഡിഎഫ്സി ബാങ്കിലെ അടക്കം വീണയുടെ മൂന്ന് അക്കൗണ്ടുകളും നേരത്തേ ഇഡി മരവിപ്പിച്ചിരുന്നു.